ലക്കം 5

മെയ് 2025
പുസ്തകം 5

# ക്രിസ് വോയ്സ്

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ



## കരുണയുടെ കാവലാൾ വിട ചൊല്ലുമ്പോൾ


M Johnson
(Died on 30/3/2022)
Chellamma
(Died on 29/05/2007)
അനുസ്മരണ ദിവ്യബലി 24/04/2025.
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ


അനുഗ്രഹപൂർണ്ണമാകുന്ന
ദാമ്പത്യജീവിതം സിൽവർ
ജൂബിലിയിലേക്ക് എത്തി നിൽക്കുന്ന
ശ്രീമാൻ സുനിൽദത്തിനും
ശ്രീമതി അനിതക്കും
തിരുപുറം വി. ഫ്രാൻസിസ് സേവ്യർ
ഇടവക കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ
25th
ANNIVERSARY

# എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരി : റവ. ഫാ. ജിബിൻ രാജ്.
ചീഫ് എഡിറ്റർ : എസ്.ഒ.ഷാജികുമാർ
മാനേജിങ് എഡിറ്റർ : ബിബിൻ രാജ്

*എഡിറ്റേഴ്സ്*

സിസ്റ്റർ ലൗലി സിറിയക്ക്
അനൂപ് എ.സി.
അതുൽ പി.എസ്.
റോജിൻ ആർ.ബി.
അനൂപ് എസ്.എസ്.
എസ്. സുധ

*ലേഔട്ട് & ഡിസൈൻ*

അതുൽ പി.എസ്.




# എഡിറ്റേഴ്സ് വോയ്സ്

ഫ്രാൻസിസ് പാപ്പായുടെ സ്വർഗ്ഗീയ പ്രവേശത്തോടെ കത്തോലിക്കാസഭയിലും ലോകരാഷ്ട്രീയത്തിലും ഉണ്ടായ ശൂന്യത വിവരണാതീതമാണ് . കാരണം ലോകനേതാവെന്നനിലയിലും കത്തോലിക്കാസഭയുടെ മേധാവി എന്ന നിലയിലുമുള്ള അദ്ദേഹത്തിന്റെ ഇടപെടലുകൾ ഈ നൂറ്റാണ്ടിലെ ഏറ്റവും ശ്രദ്ധേയവും അതീവ വിപ്ലവകരമായിരുന്നു. ലോക സമാധാനത്തിനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ ഇടപെടലുകൾ, സഭയിൽ മാറ്റങ്ങൾ കൊണ്ട് വരാനുള്ള സിനഡ് നടത്തിപ്പ്, സഭയിൽ അദ്ദേഹം നടത്തിയിട്ടുള്ള ദിശാബോധം നൽകുന്ന നവീനവും വിപ്ലവകരവുമായ പ്രബോധനങ്ങൾ,ലളിത പൂർണ്ണവും മാതൃകാപരവുമായ ജീവിത ശൈലി,പാർശ്വവത്ക്കരിക്കപ്പെട്ടവരെയും സമൂഹം പുറന്തള്ളിയവരെയും സ്നേഹവായ്പോടെ ചേർത്തു പിടിച്ചത്,വിവിധ മതങ്ങൾക്കിടയിലുള്ള പരസ്പര ധാരണക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ,സ്വതന്ത്രപരമാധികാര രാഷ്ട്രമായ വത്തിക്കാന്റെ ഭരണാധികാരിയായിട്ടും പൊതുഗതാഗത സർവീസിനെ മുഖ്യമായും ആശ്രയിച്ചതും യാചകരോടും അവഗണിക്കപ്പെടവരോടുമൊപ്പം ഭക്ഷണം കഴിക്കാനും കണ്ണീരൊപ്പാനും കാണിച്ച ഇച്ഛാശക്തി, പ്രകൃതിയെ ആദരപൂർവ്വം പരിപാലിക്കാനും സംരക്ഷിക്കാനും തൽപരനായത് എന്നിവയാണ് പാപ്പായെ ഈ നൂറ്റാണ്ടിലെ മഹത് വ്യക്തി ആക്കുന്നത്. ലോകത്തിന് ക്രൈസ്തവവിശ്വാസത്തിന്റെ മഹനീയ സാക്ഷ്യം തന്റെ ജീവിതത്തിലൂടെ പകർന്ന് നൽകിയ ഫ്രാൻസിസ് പപ്പായ്ക്ക് വേണ്ടി ക്രിസ്വോയിസും തിരുപുറം ഇടവകാംഗ ങ്ങളും പ്രാർത്ഥിക്കുന്നു.

**ചീഫ് എഡിറ്റർ**

# താളുകൾ മറിക്കുമ്പോൾ


| NO | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ഇടയസ്വരം | 3 |
| 2 | അച്ഛൻ പഠിപ്പിച്ച വഴികൾ | 3 |
| 3 | കാൽവരിയിലെ കുരിശിൽ മുഴങ്ങിയ 7 വാക്യങ്ങൾ | 4 |
| 4 | ദൈവത്തിന്റെ സംരക്ഷണം | 5 |
| 5 | രക്ഷകന്റെ കരങ്ങളിൽ (ഭാഗം 2) | 6 |
| 6 | ക്രിസ് വോയ്സ് ക്വിസ് | 7 |
| 7 | ഉത്തരങ്ങൾ | 9 |
| 8 | ക്വിസ് വിജയികൾ | 10 |
| 9 | കരുണയുടെ കാവലാൾ | 11 |
| 10 | കുടുംബയോഗങ്ങൾ | 13 |
| 11 | വരി തന്നവരുടെ വിവരങ്ങൾ | 14 |
| 12 | വരവ് ചെലവ് | 16 |

# ഇടയസ്വരം



**ഇടവക വികാരി**
**റവ. ഫാ. ജിബി ൻ രാജ്.**

സഭയ്ക്കൊരു ഇടയനെ വേണം. അത് മഹാ ഇടയനായ ക്രിസ്തുവിനെ പോലെ നയിക്കാൻ കഴിവുള്ളൊരാൾ തന്നെ വേണം. അത് ലോകരാജ്യങ്ങൾക്ക് പോലും ഇടയനായി, പാരിലെങ്ങും ശാന്തി ദൂതനായി, മാലോക മനസ്സുകളിൽ മതിലുകൾ പൊളിക്കാനും വാതിലുകൾ പണിയാനും പോന്ന മതേതരമന്നൻ തന്നെ വേണം. സഭയുടെ സൈദ്ധാന്തിക വൈശിഷ്ട്യത്തിന് കാവലാൾ തന്നെയാവുകയും വേണമയാൾ. ദൈവത്തിന്റെ നിസ്വനായ വി. ഫ്രാൻസിസ് അസീസിയെ പോലെ മറ്റൊരു നിസ്വനായിത്തീർന്ന ഫ്രാൻസിസ് പാപ്പായ്ക്ക് പകരം വയ്ക്കാൻ ഇനി ആർ? വരുമൊരാൾ ഒരുനാൾ സഭാ നൗകയിലെ വലിയ മുക്കുവനായ്. എറിയുമയാൾ തന്റെ വലയെന്നും കടലിന്റെ ആഴങ്ങളിൽ, നൗകയുടെ വലതുഭാഗത്തായ്.



**അനൂപ് എ സി**
**കടവിള**

## അച്ഛൻ പഠിപ്പിച്ച വഴികൾ

എല്ലാ ഞായറാഴ്ചയും അച്ഛൻ കൃത്യമായി പള്ളിയിലേക്കുള്ള വഴിയിൽ ആദ്യനിരയിലെ നടനായി. ഉറക്കമുറങ്ങിയ ഞങ്ങളെ എഴുന്നേൽപ്പിക്കാൻ ആദ്യം മൃദുവായ വിളിയായിരുന്നു അതൊന്നും ഫലിക്കാതെ പോയാൽ, ചെറു നുള്ള്. അതിന്റെ സ്നേഹവേദന ഇപ്പോഴും ആ തണുത്ത പുലരി പോലെ മനസ്സിൽ തങ്ങി നിൽക്കുന്നു.

ഞങ്ങൾ പള്ളിക്ക് പോകാതെ കുർബാന ഏറ്റില്ലേൽ, അച്ഛന്റെ കണ്ണുകളിൽ ഒളിഞ്ഞ സങ്കടം ഞങ്ങൾ കാണും. ഒരുവശത്ത് കനിഞ്ഞിരിക്കാൻ പഠിപ്പിച്ച കർശനത, മറുവശത്ത് ദൈവത്തോടുള്ള അടിയന്തരമായ ശരണം. അതാണ് ഞായറാഴ്ചകളിൽ അച്ഛൻ കാണിച്ച പാഠം.

അച്ഛൻ കൂലി പണിക്കാരനായിരുന്നെങ്കിലും, നമ്മൾ ചോദിക്കുന്നതെന്തായാലും എപ്പോഴും സാധിച്ചുതരാൻ അച്ഛൻ തയ്യാറാ

യിരിക്കും. പണം കുറവായ ദിനങ്ങളിലും, അച്ഛൻ അതിനെ അനാവശ്യ മായ കുറവായി കാണാതെ, അതിന്റെ പിന്നിൽ സ്നേഹത്തിന്റെ കൺ കെട്ടി നമ്മെ സംരക്ഷിച്ചു.

ദൈവം എന്തെന്നും പള്ളി എന്തെന്നും പഠിപ്പിച്ചത് അച്ഛനാ ണ്. ദൈവത്തിന് മുമ്പാകെ നിസ്സഹായരായിരിക്കുകയും അതിന്റെ കരു ണയിൽ ആശ്വാസം കണ്ടെത്തുകയും ചെയ്യേണ്ടതുണ്ടെന്ന് അദ്ദേഹം പ റഞ്ഞു.


അതിനാലാണ് ഇന്ന്, അച്ഛന്റെ അഭാവം കനലായി തെന്നി യപ്പോഴും, ദൈവത്തിൽ ആഴമാകാനുള്ള ശ്രമം. ഈശോയുടെ കൈ പി ടിച്ചു മുന്നോട്ട് പോകണം അവൻ എപ്പോഴും നമ്മോടൊപ്പം ഉണ്ടാകും, അച്ഛൻ പഠിപ്പിച്ച അതേ വിശ്വാസപാതയിൽ.

ഇന്ന് അച്ഛൻ ഈ ഭൂമിയിൽ ഇല്ലെങ്കിലും, ഞായറാഴ്ചകളി ൽ പോലും ഞാൻ അച്ഛന്റെ കാൽത്തടങ്ങൾ കേൾക്കുന്നു.
ഒരു ശാന്തതയുടെ തുടിപ്പായി, ഒരു പാട്ടിന്റെ ശേഷിപ്പായി, ഒരാളുടെ പ്രാ ർത്ഥനയായി

അച്ഛൻ എന്നിൽ ഉണ്ടാകുന്നു, വിശ്വാസത്തിൽ ജീവിക്കുന്നു.

## ***കാൽവരിയിലെ കുരിശിൽ മുഴങ്ങിയ 7 വാക്യങ്ങൾ***

**എയ്ഞ്ചൽ മരിയ**
**ക്ലാസ് 4**
**പള്ളിമന**



പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ (ലൂക്ക 23 : 34)

സത്യമായി ഞാൻ നിന്നോട് പറയുന്നു നീ ഇന്ന് എന്നോടുകൂടെ പറുദീസയിലായിരിക്കും (ലൂക്ക 23 : 43)

സ്ത്രീയെ ഇതാ നിന്റെ മകൻ (യോഹന്നാനോട്) ഇതാ നിന്റെ അമ്മ. (യോഹന്നാൻ 19 : 25)

എനിക്ക് ദാഹിക്കുന്നു
(യോഹന്നാൻ 19 : 28)

എന്റെ ദൈവമേ എന്റെ ദൈവമേ,
എന്തുകൊണ്ടങ്ങെന്നെ
ഉപേക്ഷിച്ചു (മാർക്കോ 15 : 34)

എല്ലാം പൂർത്തിയായിരിക്കുന്നു
(യോഹന്നാൻ 19 : 30)

പിതാവേ അങ്ങയുടെ കരങ്ങളിൽ എ
ന്റെ ആത്മാവിനെ ഞാൻ
സമർപ്പിക്കുന്നു (ലൂക്ക 23 : 44)



# ദൈവത്തിന്റെ സംരക്ഷണം

**(സങ്കീർത്തനം 34 : 1 – 9 വാക്യങ്ങൾ)**



**രമണി റോസ്**
**പള്ളിമന**

വാഴ്ത്തീടും ഞാനെന്നും കർത്താവിനെ
സ്തുതിക്കുമെന്നധരങ്ങൾ തിരുനാമത്തെ
കർത്താവിൽ ഞാനെന്നുമഭിമാനിക്കും
പീഡിതർ കേട്ടതിലാനന്ദിക്കും

നാമൊന്നായ്കീർത്തിക്കാം നാഥാ നിന്നെ
ഘോഷിക്കാമൊന്നായാത്തിരുനാമത്തെ
കർത്താവെത്തേടിഞാനേകിയവനുത്തരം
വിടുവിച്ചെന്നെ സർവ്വ ഭയത്തിൽനിന്നും

അവങ്കൽനോക്കുകിലോ പ്രകാശിക്കും
ലജ്ജിക്കാനോ നമുക്കിടവരില്ല
കേട്ടല്ലോ അവൻ മമ രോദനങ്ങൾ
കഷ്ടത്തിൽ നിന്നെന്നെ വിടുവിച്ചല്ലോ

പാളയമടിച്ചിതാ രക്ഷിച്ചിടും
കർത്താവിൻ ദൂതർ തൻ ഭക്തരെയും
നല്ലവൻ വല്ലഭൻ കർത്താവെന്ന്
അറിയുക നാമവങ്കലാശ്രയിക്ക

കർത്താവിൽ ശരണം തേടുവോരെല്ലാരും
ഭാഗ്യമുള്ളോർ കൃപനേടുമല്ലോ
കർത്താവിൻ വിശുദ്ധരെയവിടുത്തെ ഭയക്കുവിൻ
ലഭ്യമാമൊന്നുമേ കുറയാതെ നിശ്ചയം !

# രക്ഷകന്റെ കരങ്ങളിൽ

**ഭാഗം 2**



**കവിത രഘു**
**പുന്നയ്ക്കാവിള**

നമുക്ക് ജപമാല ചൊല്ലി പ്രാർത്ഥിക്കാം എന്നവൾ മക്കളോട് പറഞ്ഞു. എന്നാൽ ഭയം കാരണം ഒന്ന് വായ് തുറക്കാൻ പോലും ആ കുഞ്ഞുങ്ങൾക്ക് ആയില്ല. ഭയമുണ്ടെങ്കിലും അനിത ജപമാല ചെല്ലാൻ തുടങ്ങി അപ്പോഴേക്കും അകത്തുള്ള ശബ്ദം നിലയ്ക്കുകയും അവിടമാകെ ദൈവികശാന്തി നിറയുകയും ചെയ്തു. സമയം വീണ്ടും ഇഴഞ്ഞ് ഇഴഞ്ഞ് നീങ്ങി. കിഴക്കൻ ചക്രവാളത്തിൽ സൂര്യന്റെ ഉദയം നടന്നിരിക്കുന്നു.

കുഞ്ഞുങ്ങൾ അമ്മയെ കെട്ടിപ്പിടിച്ച് കിടന്നുറങ്ങുകയായിരുന്നു അനിത രണ്ടുപേരെയും തട്ടിയുണർത്തി. ‘ അനീഷേ.. മേഘേ... ഉണരൂ, നമുക്ക് പോകണ്ടേ‘. എന്ന് അമ്മയുടെ ശബ്ദം കേട്ട് രണ്ടുപേരും ഉറക്കമുണർന്നു. കണ്ണ് തുറന്നപ്പോൾ അവർ കണ്ട കാഴ്ച അതിലും ഭീകരമായിരുന്നു തങ്ങളെക്കാൾ വലുപ്പമുള്ള കുറ്റിച്ചെടികളും മുൾച്ചെടികളും അവിടം ആകെ പന്തലിച്ചു നിൽക്കുന്നു. അനിത പതുക്കെ എഴുന്നേറ്റ് ആ കെട്ടിടത്തിന്റെ വാതിൽ പതുക്കെ തുറന്ന് അകത്തേക്ക് നോക്കി. മരണമടഞ്ഞ ആരുടെ ശവക്കല്ലറകൾ ആയിരുന്നു അതിനുള്ളിൽ. ഭയത്തിന്റെ അംശം സൂര്യപ്രകാശം കൊണ്ടുപോയെങ്കിലും ഉള്ളിൽ എവിടെയോ ഇപ്പോഴും ഭയമുണ്ടെന്ന് അവൾക്കറിയാം.

കുറച്ചുനേരം അവൾ അവിടെ നിന്ന് ചുറ്റിലും നോക്കി അപ്പോൾ അങ്ങകലെയായി തന്റെ കസിനായ അനു തങ്ങളെ അന്വേഷിച്ചു വരുന്നത് അവൾ കണ്ടു. അവൾ കുട്ടികളുമായി അവന്റെ അടുത്തേക്ക് പോകാൻ തുടങ്ങി. എന്നാൽ അവളുടെ മനസ്സ് അതിനനുവദിച്ചില്ല അങ്ങോട്ട് പോകേണ്ട എന്നും അത് അപകടമാണെന്നും അവൾക്ക് തോന്നി. ദൂരെ നിന്നും തങ്ങളുടെ അടുത്തേക്ക് വരുന്ന ആ മനുഷ്യൻ അനുവല്ല എന്ന് വനിതയ്ക്ക് തോന്നി. അടുത്തെത്തിയ അനു അനിതയോട് പറഞ്ഞു ‘ ചേച്ചി എന്താ ഇവിടെ നിൽക്കുന്നത് ചേട്ടൻ മുകളിൽ കാറിലുണ്ട് വരൂ നമുക്ക് അങ്ങോട്ട് പോകാം‘. അനിത അനുവിനോട് ചോദിച്ചു ‘ നിന്റെ കഴുത്തിൽ ഉണ്ടായിരുന്ന ജപമാല എവിടെ? ‘. അനു അത് കേട്ടതായി ഭാവിച്ചില്ല അവൻ അപ്പോഴേക്കും തിരക്ക് കൂട്ടാനും ദേഷ്യപ്പെടാനും തുടങ്ങി. സംഗതി പന്തിയല്ല എന്ന് മനസ്സിലാക്കിയ അനിത തന്റെ കയ്യിലിരുന്ന ബൈബിൾ അനുവിന്റെ നേരെ ഉയർത്തി കാണിച്ചു. ദൈവനിവേശിതമായ ബൈബിൾ കണ്ടതും അനു ഒരു ഭീകര ജീവിയായി മാറുകയും പെട്ടെന്ന് അവിടെ നിന്ന് അപ്രത്യക്ഷനാവുകയും ചെയ്തു.

അതേസമയം അനിതയുടെ ഭർത്താവായ മധുവും അവളുടെ കസിനായ അനുജേയും കുഞ്ഞുങ്ങളെയും അന്വേഷിക്കാൻ ആരംഭിച്ചു കഴിഞ്ഞിരുന്നു. അനിത നിൽക്കുന്ന സ്ഥലത്ത് സിഗ്നൽ ഇല്ലാത്തത് കാരണം ഫോണിൽ അവരുമായി ബന്ധപ്പെടാൻ വധുവിന് കഴിഞ്ഞില്ല. ഫോൺ ഓൺ ആയിരുന്നതിനാൽ പോലീസിന്റെ സഹായത്തോടെ അനിതയും മക്കളും നിൽക്കുന്ന സ്ഥലം അവർ കണ്ടെത്തി.

ശവക്കല്ലറ ഉണ്ടായിരുന്ന മുൾകാടിൽ നിന്ന് ഒരു വിധം രക്ഷപ്പെട്ട് താഴേക്ക് വന്നപ്പോഴാണ് തങ്ങളെ അന്വേഷിച്ചു വരുന്ന മധുവിനെയും അനുവിനെയും പോലീസുകാരെയും അവർ കണ്ടത്. അച്ഛനെ കണ്ടതും അനീഷും മേഘയും മധുവിന്റെ അടുത്തേക്ക് ഓടിപ്പോയി. അനിതയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു അനുവിന്റെ കാറിൽ അവർ തങ്ങളുടെ വീട്ടിലേക്ക് പുറപ്പെട്ടു. നടന്ന സംഭവമെല്ലാം അവൾ പറഞ്ഞപ്പോൾ മധുവിനോ അനുവിനു അത് വിശ്വസിക്കാനായില്ല.

ഞങ്ങൾക്ക് ഒരാപത്തും കൂടാതെ കാത്തു രക്ഷിച്ച പരിശുദ്ധ അമ്മയ്ക്കും ഈശോ നാഥനും അവർ നന്ദി പറഞ്ഞു. ഞങ്ങളോടൊപ്പം ഇനിയും കൂടെയുണ്ടാകണമേ എന്ന് അവർ പ്രാർത്ഥിക്കുകയും ചെയ്തു.

# ക്രിസ് ഹോയ്സ് ക്വിസ്സ് 2025

ടെസ്റ്റ് പേപ്പർ : 6

## വ്യവസ്ഥകൾ

1) മെയ് 18 ഞായറാഴ്ച വൈകുന്നേരം 7:00 PMന് മുമ്പായി പാരിഷ്ഹാളിന്റെ ലെറ്റർ ബോക്സിൽ നിക്ഷേപിക്കുകയോ ഇടവകവികാരിയെ ഏൽപ്പിക്കുകയോ ചെയ്യുക

2) ഒന്ന്,രണ്ട് സ്ഥാനക്കാർക്ക്) സമ്മാനങ്ങൾ നൽകുന്നു (ഒന്നിലധികം പേർ ഒരേ മാർക്കിൽ വന്നാൽ നറുക്കെടുപ്പിലൂടെ വിജയികളെ പ്രഖ്യാപിക്കുന്നതാണ്)

3) ഒരു ഭവനത്തിൽ നിന്ന് ഒരാൾ മാത്രമേ മത്സരിക്കാവു

## പ്രഭാഷകൻ 41 – 50, പൊതു ചോദ്യങ്ങൾ

1. ജനം വഴിതെറ്റി പോയപ്പോഴും ദൈവഭക്തിയിൽ ഉറച്ചുനിന്നതാര്?
2. സൃഷ്ടികൾക്കെല്ലാം ഉപരിയായിരുന്നതാര്?
3. അവിടുത്തെ നാമത്തിൽ ഒരു ആലയം നിർമ്മിച്ചതാര്?
4. അത്ഭുതകരമായി വളരുന്ന ചന്ദ്രക്കലയെ അടിസ്ഥാനമാക്കി————പേര് നൽകുന്നു?
5. ആരുടെ അവകാശമാണ് നശിച്ചു പോകുന്നത്?
6. ‘ കർത്താവിന് നൽകിയ ബലിവസ്തുക്കൾ അവനും അവന്റെ പിൻഗാമികളും ഭക്ഷിക്കുന്നു‘ അവൻ ആര്?
7. നിശ്ചിത സമയത്ത് തിരിച്ചുവരും എന്ന് എഴുതപ്പെട്ടിരിക്കുന്നത് ആരെ കുറിച്ച്?
8. ആർത്തു വിളിക്കുകയും ലോഹനിർമ്മിതമായ കാഹളം ഊതുകയും ചെയ്തതാര്?
9. എങ്ങനെയാണ് കർത്താവിനെ സ്തുതിക്കേണ്ടത്?
10. ആയിരം സ്വർണ്ണ നിക്ഷേപത്തേക്കാൾ അക്ഷയമായതെന്താണ്?
11. ഭൂമിയിലെ മണൽത്തരി പോലെ വർദ്ധിപ്പിക്കും എന്നത് പറഞ്ഞതാരെ?
12. ‘അത്ഭുത പ്രവർത്തികളിൽ മഹത്വമുള്ളവൻ‘ എന്ന് പറയുന്നത് ആരെ കുറിച്ച്?
13. കർത്താവിന്റെ നാമത്തെ മഹത്വപ്പെടുത്തുന്നതിന് ഇസ്രായേൽ മക്കളുടെ മു

മ്പാകെ കൈകൾ ഉയർത്തിയതാര്?
14. ജനത്തെ പാപത്തിൽ നിന്ന് പിന്തിരിപ്പിക്കുകയും അവരുടെ ദുഷ്ടമായ പിറുപിറുപ്പ് നിർത്തുകയും ചെയ്തതാര്?
15. ഉന്നതനായ കർത്താവ് ശക്തമായ കന്മഴ അയച്ച് ഉത്തരമരുളിയതാർക്കു?
16. അവിടുന്ന് നിരീക്ഷിക്കുകയും ചെയ്യുന്നു എന്ന് പറയുന്നത് എന്താണ്?

17. അല്ലലില്ലാതെ എല്ലാ ഐശ്വര്യമുള്ളവരെ എന്തിനെപ്പറ്റി ഓർക്കുന്നത് അരോചകമാണ്?
18. ആരുടെ ഇടയിൽ ഇരിക്കരുത് എന്നാണ് പ്രഭാഷകൻ പറയുന്നത്?
19. ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിക്ക് പാത്രം ആയതാര്?
20. അത്യുന്നതൻ തങ്ങളെ സ്വീകരിക്കുന്നതിന് വേണ്ടി അഹറോന്റെ പുത്രന്മാർ എന്തു ചെയ്തു?
21. തുല്യനായി ആരും ഭൂമുഖത്ത് ഉണ്ടായിട്ടില്ല എന്ന് പറയുന്നത് ആരെക്കുറിച്ച്?
22. അവിടുന്ന് ജനത്തിന്റെ പൗരോഹിത്യം നൽകിയത് ആർക്ക്?
23. ശോഭയാൽ അഴകുറ്റ മഴവില്ലിനെ നോക്കി എന്ത് ചെയ്യുവിൻ എന്നാണ് പറയുന്നത്?
24. മരണവിധിയെ ഭയപ്പെടാതെ എന്തിനെക്കുറിച്ച് ഓർക്കാനാണ് പ്രഭാഷകൻ പറയുന്നത്?
25. ആർക്കാണ് മഹത്വത്തിന്റെ മൂന്നാം സ്ഥാനം?
26. മേഘം ഉരുമ്മുന്ന ദേവദാരു പോലെ പ്രശോഭിച്ചതാര്?
27. സമാധാന ബലിയിൽ വിശിഷ്ടമായ കൊഴുപ്പ് എന്ന പോലെ ഇസ്രായേൽ ജനത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടതാര്?
28. മർത്യകുലം ജലപ്രളയത്താൽ നശിക്കപ്പെടുകയില്ലെന്ന് നിത്യമായ ഉടമ്പടി ആരുമായി കർത്താവ് ചെയ്തു?
29. ' അവിടുന്ന് വെളിപ്പെടുത്തുന്നു' എന്ന് പറയുന്നത് എന്താണ്?
30. പേര് പോലും മാഞ്ഞുപോകുന്നത് ആരുടേതാണ്?
31. അവിടുന്ന് തന്റെ സ്വരം കേൾപ്പിച്ചതാരെ?
32. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഉത്തമനായ രക്ഷകനായിരുന്നതാര്?
33. മരിച്ചവരുടെ ഇടയിൽനിന്ന് ഒരു ജഡത്തെ ഉയർപ്പിച്ചതാര്?
34. ' എത്ര മഹനീയ ദൃശ്യമാണ്' എന്ന് പറയുന്നത് എന്തിനെക്കുറിച്ചാണ്?
35. വിജ്ഞാനം ഗോപനം ചെയ്യുന്നവനേക്കാൾ ഭേദം ആരാണ്?
36. തന്റെ കിരണങ്ങൾ കൊണ്ട് എല്ലാ വസ്തുക്കളെയും കടാക്ഷിക്കുന്നത് എന്താണ്?
37. എല്ലാ തലമുറയ്ക്കും അനുതാപത്തിന്റെ മാതൃക ആര്?
38. കാൽ ചട്ടയും നീണ്ട അങ്കിയും എഫോദും നൽകിയതാർക്ക്?
39. പതിനായിരങ്ങളുടെ മേൽ വിജയം വരിച്ചവൻ എന്ന് ആർത്തു വിളിക്കപ്പെട്ടത് ആരാണ്?
40. ദേവാലയം പുതുക്കിപ്പണിയുകയും കോട്ട കെട്ടി സുരക്ഷിതമാക്കുകയും ചെയ്തതാര്?
41. രാജാവിനെ അവന്റെ മരണം മുൻകൂട്ടി അറിയിച്ചതാര്?
42. എല്ലാറ്റിനെയും അതിവേഗം സുഖപ്പെടുത്തുന്നത് എന്താണ്?
43. അവിടുന്ന് അംഗീകരിച്ച പൈതൃക അവകാശം നൽകിയതാർക്ക്?
44. എവിടെയാണ് സാധനങ്ങൾ പൂട്ടി സൂക്ഷിക്കേണ്ടത്?
45. സമാധാനപൂർണമായ ഭരണം നിമിത്തം പ്രിയങ്കരനായതാര്?
46. ' സാമുവൽ' എന്ന പദത്തിന്റെ അർത്ഥം?
47. ' സോളമൻ' എന്ന പദത്തിന്റെ അർത്ഥം?
48. 'ദാവീദ്' എന്ന പദത്തിന്റെ അർത്ഥം?

49. ‘ മോശ‘ എന്ന പദത്തിന്റെ അർത്ഥം?
50. ‘ശിമയോൻ‘ എന്ന പദത്തിന്റെ അർത്ഥം?

# ക്രിസ് വോയ്സ് ക്വിസ് ടെസ്റ്റ് പേപ്പർ 5–ന്റെ ഉത്തരങ്ങൾ

1. ലായിഷ് (18:28)
2. മിക്കയ്ക്ക് (17:5)
3. റാമത്ത് ലേഹി (15:17)
4. ആറു വർഷം (12:7)
5. ഗിലയാദ് (11:1)
6. പുരോഹിതനെയും (18:278)
7. മിസ്പായിൽ (21:1)
8. ദാൻ (18:1)
9. ഫിലിസ്ത്യർ (14:4)
10. ജഫ്താ (11:30)
11. ജഫ്താ, ഗിലെയാദിലെ ശ്രേഷ്ഠൻമാർ (11:10)
12. ഒരു അവകാശം (21:17)
13. 3 ദിവസം (20:30)
14. ഒരിക്കലും ഉപയോഗിച്ചിട്ടില്ലാത്ത പുതിയ കയറുകൊണ്ട് ബന്ധിച്ചാൽ (16:11)
15. ആയിരം (15:15)
16. എഫ്രായിമിന് 12:4)
17. അമ്മോന്യർ (11:4)
18. ദാൻ (18:19)
19. വലിയ പുകപടലം (20:38)
20. എഫ്രായിമി മലനാട്ടിലെ മിക്കായ്ക്ക് (17:13)
21. ഹെബ്രോന്റെ മുമ്പിലുള്ള മലമുകളിൽ (16:3)
22. സെബുലൂൺ (12:11)
23. മഹനേദാൻ (13:25)
24. റിമോൺ (20:45)
25. ഷിലോയിലെ (21:21)
26. മലനാടായ എഫ്രായിമിൽ മിക്കായുടെ വീട്ടിൽ. (18:2)
27. നൽപ്പത്തീരായിരം (12:6)
28. വിരുന്നിന്റെ എഴുദിവസത്തിനകം (14:12)
29. ബഥേലിൽ (20:18)
30. ഗിദോ (20:45)
31. നാല് ലക്ഷം (20:2)
32. ലായിഷിലെ (18:7)
33. 40 (13:1)
34. 300 വർഷം (11:26)
35. തിമ്നായിൽ (14:2)
36. സമാധാന പ്രഖ്യാപനം (21:13)
37. തനിക്ക് ചെറുക്കാനാവാത്ത വിധം അവർ ശക്തരാണ് എന്ന് കണ്ടതുകൊണ്ട് (18:26)
38. എഫ്രായിം മലനാട്ടുകാരൻ (19:16)

39. അവന്റെ തലയിലെ ഏഴു മുടിച്ചുരുളുകളും ക്ഷൗരം ചെയ്യിച്ചപ്പോൾ (16:19)
40. ജഫ്തായുടെ മകൾ (11:39)
41. നിലത്തു കമഴ്ന്നു വീണ് (13:20)
42. യൂദാ വംശജനായ ഒരു യുവാവ്, അവിടെ വന്നു പാർത്ത ഒറു ലേവ്യൻ (17: 7,8)
43. ദഹനബലി, ധാന്യബലി (13:23)
44. അതിൽ നിന്നും ജലം പുറപ്പെട്ടു (15:19)
45. ആയിരത്തിയൊരുന്നൂറ് വെള്ളിനാണയം (16:5)
46. വി. കുർബാന (ബോധിനി പേജ് 12)
47. ഏകദൈവത്തിലുള്ള വിശ്വാസം (ബോധിനി പേജ് 18)
48. വിജയസഭാ, സഹനസഭ, തീർത്ഥാടകസഭ (ബോധിനി പേജ് 25)
49. സുഭാഷിതങ്ങൾ (ബോധിനി 30)
50. സുഭാഷിതങ്ങൾ 9:10 (ബോധിനി പേജ് 30)

# ക്രിസ് വോയ്സ് ക്വിസ് ടെസ്റ്റ് പേപ്പർ 5-ൽ ഒന്നും,രണ്ടും സ്ഥാനങ്ങൾ നേടിയവർ

**ഒന്നാം സ്ഥാനം നേടിയവർ**

ലില്ലി കെ.
ഷീജ ബെറ്റി
ബീന ഷാജി
ഷീബ റാണി ആർ. എം.
നിബി സാങ്റ്റ ബി.എസ്.
സരിത ഓ.

**രണ്ടാം സ്ഥാനം നേടിയവർ**

രാഗി എ. എസ്.





വിസ്മയ വി. എസ്.
കടവിള

# കരുണയുടെ കാവലാൾ



ഫ്രാൻസിസ് എന്ന പേര് പാപ്പ സ്വീകരിച്ചത് വെറുതെയായിരുന്നില്ലല്ലോ. കുഷ്ഠരോഗികളെയും ആശ്ലേഷിച്ച, ഒന്നിന്റെയും വേലിക്കെട്ടുകളില്ലാതെ സൃഷ്ടികളെയെല്ലാം ദൈവത്തെപ്രതി സ്നേഹിച്ച, കരുണ കാണിച്ച വിശുദ്ധനെപ്പോലെയാകാൻ തീരുമാനിച്ച ആൾ ഇങ്ങനെയല്ലാതെ പിന്നെങ്ങനെ പെരുമാറും? 2022ലെ ഫെബ്രുവരിയിൽ, പ്രോട്ടോക്കോൾ ഒന്നും നോക്കാതെയാണ്, അസഹ്യമായ മുട്ടുവേദന വകവെക്കാതയാണ്, യുക്രൈനുമായി യുദ്ധം തുടങ്ങിയ റഷ്യയോട് അരുതേയെന്ന് പറയാൻ പാപ്പ റഷ്യൻ എംബസ്സിയിലേക്ക് വേവലാതിയോടെ കയറി ചെന്നത്. യുദ്ധം, അത് ഏത് രാജ്യങ്ങൾ തമ്മിൽ ആയാലും, ഉണങ്ങാത്ത അഗാധമായ മുറിവേൽപ്പിക്കുമെന്നും, എണ്ണിയാലൊടുങ്ങാത്ത യുദ്ധക്കെടുതികളുണ്ടാകുമെന്നുമുള്ള വേദനയുമല്ലാതെ, മതം നോക്കിയുള്ള പക്ഷം ചേരലും കൊല്ലാൻ വേണ്ടിയുള്ള ന്യായവും പാപ്പക്കറിയില്ലല്ലോ. അതെല്ലാം അറിയാവുന്നത്, കുടിയേറ്റക്കാരെ രാജ്യത്തു കടക്കാൻ അനുവദിക്കരുത് എന്ന് അഭിപ്രായമുള്ളത്, ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടുന്ന നമ്മളിൽ കുറേപേർക്കൊക്കെയല്ലേ? യേശുവിന്റെ പ്രകാശത്തിൽ, ആത്മാവിന്റെ ആനന്ദത്തിൽ, ജീവിക്കുന്നതിലുപരി, അവന്റെ നിഴലിൽ മാത്രം, ഇരുളിൽ ഒതുങ്ങാനാഗ്രഹിക്കുന്നവരെ പാപ്പ വവ്വാൽ ക്രിസ്ത്യാനികൾ എന്നാണ് വിളിച്ചത്. ക്രിസ്തു പറഞ്ഞ, കാണിച്ചു തന്ന പലതും ഇന്നത്തെ കാലത്ത് പ്രാക്റ്റിക്കൽ അല്ല എന്ന ചിന്തയുള്ളവർ, കാരുണ്യത്തിനും സ്നേഹത്തിനും ഉപരിയായി ഈ ലോകത്തിലെ സുരക്ഷയെ കരുതുന്നവർ.. വവ്വാൽ ക്രിസ്ത്യാനികളാകാതെ ആത്മാവിൽ വ്യാപരിക്കുന്നവരാകൂ എന്ന് പാപ്പ ക്ഷണിച്ചു.

സഭാമാതാവ് നമ്മെ കാരുണ്യം പഠിപ്പിക്കുന്നവളാണെന്നും സുവിശേഷത്തിന്റെ കേന്ദ്രബിന്ദു കാരുണ്യമാണെന്നും ആവർത്തിച്ചു പറയാറുള്ള പാപ്പ ഒരിക്കൽ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ വെച്ച് ഒരമ്മയുടെ കഥ പറഞ്ഞു. അമ്മക്ക് നാലും അഞ്ചും ഏഴും വയസ്സുള്ള മൂന്ന് കുട്ടികൾ. ഒരു ദിവസം അവർ ഉച്ചഭക്ഷണം കഴിച്ചു കൊണ്ടിരിക്കവേ വാതിലിൽ ആരോ മുട്ടി. കഴിക്കാൻ എന്തെങ്കിലും തരുമോ?എന്ന് ചോദിച്ചു വന്നതാണ് ഒരാൾ. ഒരു നിമിഷം നിൽക്കൂ എന്ന് അയാളോട് പറഞ്ഞുകൊണ്ട് അമ്മ അകത്തുവന്ന് മക്കളോട് കാര്യം പറഞ്ഞു. ആഹാരം വല്ലതുമുണ്ടോ എന്ന് ചോദിച്ച് ഒരാൾ അവിടെ നിൽക്കുന്നു. എന്താ ചെയ്യേണ്ടത്? അമ്മ അയാൾക്ക് എന്തെങ്കിലും കൊടുക്ക്, മക്കളുടെ ഉത്തരമെത്തി. അവരുടെ പ്ളേറ്റിൽ ഉരുളക്കിഴങ്ങ് വറുത്തതും ബീഫ് സ്റ്റെയ്ക്കും ഉണ്ടായിരുന്നു. ശരി, നിങ്ങൾ ഓരോരുത്തരുടെ പ്ളേറ്റിൽ നിന്നും കുറച്ച് വീതമെടുക്കാം,അമ്മ പറഞ്ഞു. അമ്മേ, അതെങ്ങനെ ശരിയാകും? അത് പറ്റത്തില്ല . മക്കൾ ബഹളം വെച്ചു. അല്ലാതെ എങ്ങനെ ശരിയാകും? നിങ്ങളുടെ ഓഹരിയിൽ നിന്നും ഓരോ പങ്ക് വേണ്ടേ? അങ്ങനെ ആ അമ്മ അവരുടെയെല്ലാം പ്ളേറ്റിൽ നിന്ന് ഓരോ പങ്ക് വീതമെടുത്തു ആവശ്യക്കാരന് കൊടുത്തു. എനിക്കൊന്നും മിച്ചമില്ല. നിങ്ങൾക്കുള്ളതിന്റെ ഒരു ഭാഗം തരിക, എന്നാണ് മക്കളെ കാരുണ്യം പഠിപ്പിക്കാൻ ആഗ്രഹിച്ച ആ അമ്മ പറഞ്ഞത്. ഇതാണ് സഭാമാതാവും പറയുന്നത്. നമ്മുടെ പങ്കും നൽകുക. കരുണ കാണിക്കാൻ മറ്റുള്ള

വരോട് പറയാൻ എളുപ്പമാണ്. പക്ഷേ വില കൊടുക്കേണ്ട സന്ദർഭങ്ങളിലാണ് വിശ്വാസത്തിന്റെ മാറ്റുരച്ചു നോക്കേണ്ടി വരിക.

ഫ്രാൻസിസ് പാപ്പ തന്റെ മെത്രാൻപദത്തിന്റെ ആപ്തവാക്യമായി (episcopal motto) സ്വീകരിച്ചത് miserando atque eligendo എന്നതായിരുന്നു. ചുങ്കം പിരിച്ചു കൊണ്ടിരുന്ന മത്തായിയെ കാരുണ്യം നിറഞ്ഞ നോട്ടത്താൽ സശ്രദ്ധം നോക്കി, ശിഷ്യന്മാരുടെ വിമുഖത വകവെക്കാതെ പന്ത്രണ്ടു പേരിലൊരുവനായി ക്രിസ്തു തിരഞ്ഞെടുക്കുന്ന ഭാഗത്തെപ്പറ്റി വിശുദ്ധ ബീഡ് എഴുതിയ വാക്യശകലമായിരുന്നു (miserando atque eligendo')അർത്ഥം കാരുണ്യത്തോടെ നോക്കുകയും തിരഞ്ഞെടുക്കുകയും ചെയ്തു. ആ പ്രയോഗം പാപ്പയെ വല്ലാതെ ആകർഷിച്ചു. അത് തന്നെ motto ആയി തിരഞ്ഞെടുത്തു. ദൈവകരുണയുടെ നൊവേന ചൊല്ലിക്കൊണ്ടിരിക്കുന്ന ഈ ആഴ്ചയിൽ തന്നെയായി, ദൈവകരുണയുടെ മുഖമായി മാറിയ ഈ പാപ്പയുടെ വിയോഗമെന്നതും ദൈവഹിതം. അവസാനത്തെ അബോധാവസ്ഥയിലേക്കും കോമ സ്റ്റേജിലേക്കും വഴുതി വീഴുന്നതിന് മുൻപ് പാപ്പയുടെ ചുണ്ടുകൾ വീണ്ടും വീണ്ടും ഉരുവിട്ടു കൊണ്ടിരുന്നത് കർത്താവേ, നിന്റെ സഭയോട് കരുണയായിരിക്കണമേ എന്നായിരുന്നു എന്ന് മെഡിക്കൽ ടീമിലുള്ളവർ പറഞ്ഞെന്നാണ് അറിയുന്നത്(സ്ഥിരീകരിക്കപ്പെടേണ്ടതുണ്ട്). ഫ്രാൻസിസ് മാനിയയെപ്പറ്റി ചോദിച്ചപ്പോൾ പാപ്പ ഒരു അഭിമുഖത്തിൽ പറഞ്ഞത് താൻ ചെയ്യാത്ത, പറയാത്ത കാര്യങ്ങൾ പോലും പറഞ്ഞ് ഒരു താരമായും അതിമാനുഷനായുമൊക്കെ ചിത്രീകരിക്കുന്നത് മുറിപ്പെടുത്തലാണെന്നാണ്. റോമിന്റെ വീഥിയിലൂടെ രാത്രിയിൽ യാചകർക്ക് ഭക്ഷണം നൽകാൻ ഞാൻ വത്തിക്കാന് പുറത്തു പോയെന്ന് ആരൊക്കെയോ പറയുന്ന കേട്ടു. ആവോ, എനിക്കറിയില്ല! ചിരിക്കുന്ന, കൂട്ടുകൂടുന്ന ഒരു സാദാ മനുഷ്യനാകാൻ ആഗ്രഹിച്ച പാപ്പ. പേപ്പൽ വസതിയിൽ താമസിക്കാതെ സാന്താ മാർത്താ ഹോസ്റ്റലിലെ 207ആം മുറി തിരഞ്ഞെടുത്തത്, വിശാലമാണെങ്കിലും മറ്റുള്ളവർ കൂടെ താമസിക്കാൻ വരാത്ത വിധം അത് ഇടുങ്ങിപോകുമെന്ന് പറഞ്ഞിട്ടാണ്. വൈദികർക്കും പിതാക്കന്മാർക്കുമൊപ്പം അവരിലൊരാളായി കഴിയാൻ ആഗ്രഹിച്ചു ഫ്രാൻസിസ് പാപ്പ.

2015 മാർച്ച് 13ന് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വെച്ച്, ഫ്രാൻസിസ് പാപ്പ ഒരു അസാധാരണ വിശുദ്ധ വർഷാചരണം പ്രഖ്യാപിച്ചു, അതിന് മുൻപെങ്ങും ഉണ്ടായിട്ടില്ലാത്ത പോലെ കാരുണ്യത്തിന്റെ അസാധാരണ ജൂബിലി. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനത്തിന്റെ അൻപതാം വാർഷികത്തിലായിരുന്നു കാരുണ്യത്തിന്റെ വാതിലുകൾ ദൈവജനത്തിനായി മലർക്കെ തുറക്കപ്പെട്ടത്. നവമായ രീതിയിൽ സുവിശേഷം പ്രഘോഷിക്കേണ്ട സമയത്തിന്റെ ആവശ്യകതയെപറ്റി പാപ്പ ബോധവാനായിരുന്നു. 2015 ലെ അമലോത്ഭവ തിരുന്നാളിൽ ആരംഭിച്ച് 2016 ലെ ക്രിസ്തു രാജത്വത്തിരുന്നാളിൽ അവസാനിക്കുന്ന ആ വിശുദ്ധ ജൂബിലി വർഷത്തിലൂടെ, തന്നിലേക്ക് മടങ്ങാൻ എല്ലാ മനുഷ്യരെയും ക്ഷണിക്കുന്ന ദൈവത്തിന്റെ കാരുണ്യമുള്ള മുഖത്തിലേക്ക് എല്ലാവരുടെ ശ്രദ്ധയെയും തിരിക്കാനാണ് പാപ്പ ശ്രമിച്ചത്.

ജൂബിലി പ്രഖ്യാപനവേളയിൽ പാപ്പ പറഞ്ഞു,സഭ സന്നിഹിതമായിരിക്കുന്നിടത്തെല്ലാം പിതാവിന്റെ കാരുണ്യം പ്രകടമായിരിക്കണം. നമ്മുടെ ഇടവകകളിൽ, സന്ന്യാസ സമൂഹങ്ങളിൽ, സംഘടനകളിൽ, പ്രസ്ഥാനങ്ങളിൽ, ചുരുക്കത്തിൽ ക്രൈസ്തവരുള്ള എല്ലായിടത്തും ഏതൊരാൾക്കും കാരുണ്യത്തിന്റെ മരുപ്പച്ച കണ്ടെത്താനാവണം

# മെയ് മാസത്തെ കുടുംബയോഗങ്ങൾ


| NO | യൂണിറ്റ് | ദിവസം | സമയം | ഭവനം |
|---|---|---|---|---|
| 1 | താഴയ്ക്കാമണ്ണടി | 04/05/2025<br>11/05/2025 | 6 : 00 PM<br>6 : 00 PM | അനിൽകുമാർ എസ്.<br>സൈമൺ |
| 2 | ചില്ലിൻവിള | 10/05/2025<br>25/05/2025 | 6 : 00 PM<br>6 : 30 PM | മുരുകൻ<br>സുമതി |
| 3 | വലിയവിള | 04/05/2025<br>31/05/2025 | 5 : 30 PM<br>5 : 30 PM | അനൂപ് ലോറൻസ്<br>ഫ്രാൻസിസ് |
| 4 | പ്ലാന്തോട്ടം | 11/05/2025<br>25/05/2025 | 6 : 00 PM<br>6 : 00 PM | ജോയ്<br>സോണി |
| 5 | മോന്തിവിള | 11/05/2025<br>25/05/2025 | 6 : 30 PM<br>6 : 30 PM | ഗോപി<br>സജി |
| 6 | കാരയ്ക്കാവിള | 11/05/2025<br>22/05/2025 | 5 : 00 PM<br>5 : 00 PM | അഖിൽറോസ്<br>അരുൺ |
| 7 | പണ്ടാരത്തോട്ടം | 10/05/2025<br>25/05/2025 | 6 : 00 PM<br>6 : 00 PM | രാജു<br>സുനിൽകുമാർ |
| 8 | മണ്ണക്കല്ല് | 10/05/2025<br>25/05/2025 | 6 : 30 PM<br>6 : 30 PM | ശോഭന<br>നിമിൽ |
| 9 | പുത്തൻകട | 11/05/2025<br>25/05/2025 | 6 : 00 PM<br>6 : 00 PM | റോസ്മേരി<br>സലിം |
| 10 | മുടന്താന്നി | 10/05/2025<br>24/05/2025 | 6 : 00 PM<br>6 : 00 PM | ഷാജി<br>സച്ചിദാനധൻ |
| 11 | മണലിക്കടവ് | 10/05/2025<br>25/05/2025 | 6 : 00 PM<br>6 : 00 PM | അനിൽകുമാർ<br>മോളി |
| 12 | മലഞ്ചരിക് | 11/05/2025<br>25/05/2025 | 6 : 00 PM<br>6 : 00 PM | അനിൽ<br>പ്രശാന്ത് |
| 13 | പഴയകട | 11/05/2025<br>25/05/2025 | 6 : 00 PM<br>6 : 00 PM | ഉഷ വിക്രമൻ<br>ജയകുമാർ |
| 14 | പട്ട്യക്കാല | 04/05/2025<br>25/05/2025 | 6 : 00 PM<br>6 : 00 PM | സുരേഷ്<br>ജോസ്കുമാർ |
| 15 | കുളങ്ങരവിള | 10/05/2025<br>24/05/2025 | 6 : 00 PM<br>6 : 00 PM | രാഘവൻ<br>സജികുമാർ |

| | | | | |
|---|---|---|---|---|
| 16 | **പള്ളിമന** | 10/05/2025<br>25/05/2025 | 6 : 00 PM<br>6 : 00 PM | സദാനന്ദൻ<br>കെ.ആർ. മണി |
| 17 | **കടവിള** | 11/05/2025<br>25/05/2025 | 6 : 00 PM<br>6 : 00 PM | ഓമന<br>പത്രോസ് |
| 18 | **പുന്നയ്ക്കാവിള** | 11/05/2025<br>25/05/2025 | 6 : 00 PM<br>6 : 00 PM | വിജയകുമാർ<br>മരിയറോസ്‌ലറ്റ് |

## 2025 മാർച്ച് മാസം വരിതന്നവരുടെ പേരുവിവരം

| | | |
|---|---|---|
| 1 | ബാബു, പഴയകട | 200 |
| 2 | മേരിസരോജം, മലഞ്ചരിക് | 300 |
| 3 | വിൻസെന്റ്, മണലിക്കടവ് | 150 |
| 4 | പീറ്റർ, കരയ്ക്കാവിള | 2000 |
| 5 | സന്തോഷ് രാജ്, പ്ലാന്തോട്ടം | 200 |
| 6 | ഫ്രാൻസിസ്, പ്ലാന്തോട്ടം | 1200 |
| 7 | അജു, പഴയകട | 1250 |
| 8 | ഗ്രിഗറി, പഴയകട | 800 |
| 9 | അനിൽകുമാർ, കുളങ്ങരവിള | 1000 |
| 10 | ശ്രീകുമാർ, തഴയ്ക്കമണ്ണടി | 300 |
| 11 | അനിൽകുമാർ എസ്.എൽ., മണലിക്കടവ് | 100 |
| 12 | അനീഷ്കുമാർ, തഴയ്ക്കാമണ്ണടി | 100 |
| 13 | രാജേഷ്കുമാർ, മണലിക്കടവ് | 600 |
| 14 | സിബി ടി.എസ്., കുളങ്ങരവിള | 150 |
| 15 | അഖിൽകുമാർ ജെ., മുടന്താന്നി | 100 |
| 16 | അനിൽകുമാർ വി.യു., തഴയ്ക്കാമണ്ണടി | 500 |
| 17 | സുജിത്ത് ജി., കുളങ്ങരവിള | 50 |
| 18 | ബിപിൻ, തഴയ്ക്കമണ്ണടി | 3500 |
| 19 | അതുൽറോസ്, കാരയ്ക്കാവിള | 5000 |
| 20 | സെൽവരാജ് ആർ., പണ്ടാരത്തോട്ടം | 1500 |
| 21 | മധു, പുന്നയ്ക്കാവിള | 300 |
| 22 | സുകുമാരൻ, വലിയവിള | 2000 |
| 23 | പ്രദീപ്, മണ്ണക്കല്ല് | 100 |
| 24 | ശശി കെ., പ്ലാന്തോട്ടം | 500 |
| 25 | അരുൺ കുമാർ, പള്ളിമന | 450 |
| 26 | സന്തോഷ് രാജ്, പ്ലാന്തോട്ടം | 800 |
| 27 | കൃഷ്ണൻ നാടാർ, മണലിക്കടവ് | 370 |
| 28 | രാമകൃഷ്ണൻ, പുത്തൻകട | 1000 |
| 29 | ബിനിൽ എസ്., തഴയ്ക്കാമണ്ണടി | 1000 |
| 30 | ജോണി, പഴയകട | 1500 |
| 31 | റെജിമോൻ, കുളങ്ങരവിള | 500 |
| 32 | രാജു, തഴയ്ക്കാമണ്ണടി | 200 |
| 33 | സുധാകുമാരി, പ്ലാന്തോട്ടം | 1500 |
| 34 | സുരേഷ്കുമാർ, മുടന്താന്നി | 1000 |
| 35 | സൈമൺ, പഴയകട | 700 |
| 36 | വിൻസെന്റ് എ. സി., പ്ലാന്തോട്ടം | 3300 |


| | | |
|---|---|---|
| 37 | സദാനന്ദൻ, മുടന്താന്നി | 200 |
| 38 | അനിൽകുമാർ, മണലിക്കടവ് | 3700 |
| 39 | ബിജുകുമാർ, മണലിക്കടവ് | 4000 |
| 40 | ജയരാജ് എൽ., തഴയ്ക്കാമണ്ണടി | 1750 |
| 41 | അഖിൽ, പുന്നയ്ക്കാവിള | 1000 |
| 42 | സുനിൽ എസ്., മലഞ്ചരിക് | 3000 |
| 43 | പ്രേംകുമാർ, മുടന്താന്നി | 150 |
| 44 | പ്രദീപ്, മണ്ണക്കല്ല് | 100 |
| 45 | രാജു, കുളങ്ങരവിള | 4000 |
| 46 | നിഖിൽ വി.എസ്, വലിയവിള | 1500 |
| 47 | ലീല, വലിയവിള | 720 |
| 48 | ബാബുരാജൻ, കുളങ്ങരവിള | 750 |
| 49 | സത്യൻ, മുടന്താന്നി | 250 |
| 50 | സജിത്ത് ജി, കുളങ്ങരവിള | 50 |
| 51 | പ്രദീപ്, പുത്തൻകട | 7000 |
| 52 | സന്തോഷ് എസ്., പഴയകട | 600 |
| 53 | അശോക് കുമാർ, പട്യക്കാല | 1350 |
| 54 | പ്രദീപ് എൽ., മണ്ണക്കല്ല് | 100 |
| 55 | പ്രദീപ്, പുത്തൻകട | 500 |
| 56 | അജയ് എസ്., കുളങ്ങരവിള | 2000 |
| 57 | അനിൽ, മലഞ്ചരിക് | 200 |
| 58 | ലളിത, പ്ലാന്തോട്ടം | 100 |
| 59 | സുരേഷ് ജി., പുന്നയ്ക്കാവിള | 400 |
| 60 | ബെൻസിഗർ, പള്ളിമന | 3600 |
| 61 | സുജിത്ത്, കുളങ്ങരവിള | 50 |
| 62 | അനിൽകുമാർ, തഴയ്ക്കാമണ്ണടി | 1000 |
| 63 | സനൽ എസ്., മോന്തിവിള | 750 |
| 64 | രാജൻ, മോന്തിവിള | 250 |
| | | 73290 |





**രേഖ**
**ക്ലാസ് 10**
**പുന്നയ്ക്കാവിള**





പുന്നയ്ക്കാവിള തിരുക്കുടുംബ കുരിശ്ശടി ബഹുമാനപ്പെട്ട നെയ്യാറ്റിൻകര രൂപത മെത്രാൻ വിൻസെന്റ് സാമുവൽ പിതാവ് ഉത്ഘാടനം ചെയുകയും, റവ. ഫാ. സേവ്യർ ഷൈൻ, റവ. ഫാ. അനുരാജ്, തിരുപുറം ഇടവക വികാരി റവ. ഫാ. ജിബിൻ രാജ് എന്നിവർ കുരിശ്ശടിയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചപ്പോൾ



വിശുദ്ധ വാരം ആരംഭത്തോട് അനുബന്ധിച്ചു തിരുപുറം വി. ഫ്രാൻസിസ് സേവ്യർ ഇടവകയിൽ ഓശാന ഞായറാഴ്ച കുരുത്തോല പ്രദിക്ഷണം ഇടവക വികാരി ഫാ. ജിബിൻ രാജിന്റെ നേതൃത്വത്തിൽ നടത്തിയപ്പോൾ.






പെസഹ വ്യാഴാഴ്ച തിരുപുറം വി. ഫ്രാൻസിസ് സേവ്യർ ഇടവക വികാരി ഫാ. ജിബിൻ രാജ് പാദക്ഷാളനം നടത്തുകയും, ദിവ്യകാരുണ്യ പ്രദിക്ഷണം നയിക്കുകയും ചെയ്തപ്പോൾ.





ദു:ഖ വെള്ളിയാഴ്ച തിരുപുറം വി. ഫ്രാൻസിസ് സേവ്യർ ഇടവക വികാരി ഫാ. ജിബിൻ രാജിന്റെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തുകയും, വൈകുന്നേരം കുരിശാരാധന നടത്തുകയും ചെയ്തപ്പോൾ





ഉയിർപ്പ് തിരുനാളിനോടനുബന്ധിച്ച തിരുപുറം വി. ഫ്രാൻസിസ് സേവ്യർ ഇടവക വികാരി ഫാ. ജിബിൻ രാജ് പുത്തൻ ജലം ആശിർവാദം നടത്തുകയും, ഇടവക അംഗങ്ങൾക്കായി ദിവ്യബലി അർപ്പിക്കുകയും ചെയ്തപ്പോൾ



ഇടവകയിലെ മതബോധന യൂണിറ്റിന്റെ നേതൃത്വത്തിൽ വി.എഫ്.എഫ്. സംഘടിപ്പിച്ചപ്പോൾ

# ഗവ.ജോലിക്ക്
# ഗവ. അംഗീകൃത കോഴ്സുകൾ

# PGDCA , DCA
# Data Entry, DTP
# CTTC, Web Designing
# Auto CAD, Accounting
# SAP, Digital Marketing

കോഴ്സുകൾ
ബുധനാഴ്ച രാവിലെ 10 മണിക്ക്
ആരംഭിക്കുന്നു

**Cybo TECH**
COMPUTERS

ബസ് സ്റ്റാൻഡ് ജംഗ്ഷന് സമീപം
**കോൺവെന്റ് റോഡ്,നെയ്യാറ്റിൻകര**
**ഫോൺ. 8281105686, 9446903873**



ലാപ്ടോപ്
ബാഗ് സൗജന്യം

**അവധിക്കാല കമ്പ്യൂട്ടർ കോഴ്സുകൾ**
**ഏപ്രിൽ 2 ന് ആരംഭിക്കുന്നു**

# സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് ചർച്ച്, തിരുപുറം

# സൗജന്യ മെഡിക്കൽ ക്യാമ്പ്

**18 മെയ് 2025 ഞായറാഴ്ച**
**രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2.30വരെ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുപുറം കോൺഫറൻസും കേരള സാമൂഹ്യസുരക്ഷാമിഷൻ (കേരള സർക്കാർ) ചേർന്ന് സംഘടിപ്പിക്കുന്ന ജീവിതശൈലി രോഗ നിർണ്ണയ മെഡിക്കൽ ക്യാമ്പ്.

- Weight
- Blood Pressure
- Blood Sugar
- Total Cholesterol
- Complete blood count
- Urine sugar
- Urine Albumine
- Creatinine
- Urea
- Uric Acid
- ECG

In Association with : NIDS, KCYM, KLCA, KLCWA, ലീജിയൻ ഓഫ് മേരി, ലിറ്റിൽ വേ

ഈ മെഡിക്കൽ ക്യാമ്പ് വൻ വിജയമാക്കുന്നതിനു വേണ്ടി എല്ലാവരും ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്.


Rev. Fr. ജിബിൻരാജ്
ഇടവകവികാരി
8547966562

P. ഗ്രിഗറി
സെക്രട്ടറി, പാരിഷ്കൗൺസിൽ
9495719471

K. സുനിൽ ദത്ത്
പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
തിരുപുറം കോൺഫറൻസ്
9447254878

